# കേരള സർവകലാശാല

നം. പി.ആർ.097/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ഡിഗ്രി : ട്രയൽ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

കേരള സർവകലാശാലയുടെ 2016-17 അധ്യയനവർഷത്തിലെ ബിരുദ കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള ട്രയൽ അലോട്ട്മെന്റ് വെബ്സൈറ്റിൽ (www.admissions.keralauniversity.ac.in) പ്രസിദ്ധീകരിച്ചു. വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ ചേർക്കുന്നതിനും /പുനർക്രമീകരിക്കുന്ന തിനുമായി ജൂൺ 10 വൈകിട്ട് അഞ്ച് മണിവരെ സമയമുണ്ടായിരിക്കും. ഓപ്ഷനുകൾ ചേർക്കുകയോ/ പുനർക്രമീകരിക്കുകയോ ചെയ്യുന്നവർ അതിനുശേഷമുള്ള പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. ഇതിനോടകം തെറ്റുകൾ തിരുത്താനായി സർവകലാശാലയിൽ അപേക്ഷ നൽകിയിരുന്നവർ തിരുത്തലുകൾ വന്നിട്ടുണ്ട് എന്ന് ഉറപ്പാക്കിയശേഷം പുതിയ പ്രിന്റ് ഔട്ട് എടുക്കേണ്ടതാണ്. തിരുത്തലുകൾ നടത്തിയിട്ടില്ലായെങ്കിൽ ഉടൻതന്നെ 0471-2386296, 2304631, 8281883052/53 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

*(അറിയിപ്പ്: എല്ലാ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

### ബാച്ചിലർ ഓഫ് ഡിസൈൻ ഫലം

കേരള സർവകലാശാല 2015 ഡിസംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഡിസൈൻ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂൺ 28 വരെ അപേക്ഷിക്കാം.

### ബി.എസ്സി പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല ജൂൺ 15-ന് തുടങ്ങുന്ന ബി.എസ്സി (ആന്വൽ സ്കീം - പാർട്ട് ഒന്ന്, രണ്ട്, മൂന്ന് - മാത്തമാറ്റിക്സ് മെയിൻ - സബ്സിഡിയറി) പരീക്ഷയ്ക്ക് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, കൊല്ലം എസ്.എൻ കോളേജ്, ആലപ്പുഴ എസ്.ഡി കോളേജ് എന്നിവിടങ്ങൾ മാത്രമായിരിക്കും പരീക്ഷാകേന്ദ്രങ്ങൾ.

തിരുവനന്തപുരം ഗവ. ആർട്സ് കോളേജ് പരീക്ഷാകേന്ദ്രമായി പാർട്ട് മൂന്ന് മാത്തമാറ്റിക്സ് പരീക്ഷയെഴുതിയ എസ്.ഡി.ഇ വിദ്യാർത്ഥികൾ യൂണിവേഴ്സിറ്റി കോളേജിൽ പരീക്ഷയെഴുതണം.

തിരുവനന്തപുരം ഗവ. ആർട്സ് കോളേജ്, എം.ജി കോളേജ്, എൻ.എസ്.എസ് കോളേജ് ഫോർ വിമൻ, ചെമ്പഴന്തി എസ്.എൻ കോളേജ്, ഗവ. സംസ്കൃത കോളേജ്, പാളയം എസ്.ഡി.ഇ, നെടുമങ്ങാട് ഗവ. കോളേജ്, പെരിങ്ങമ്മല ഇക്ബാൽ കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത സപ്ലിമെന്ററി വിദ്യാർത്ഥികൾ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ശാസ്താംകോട്ട ഡി.ബി കോളേജ്, കായംകുളം എം.എസ്.എം കോളേജ്, അഞ്ചൽ സെന്റ് ജോൺസ് കോളേജ്, കൊട്ടിയം എം.എം.എൻ.എസ്.എസ് കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്,

കൊട്ടാരക്കര എസ്.ജി കോളേജ്, കൊല്ലം ടി.കെ.എം കോളേജ്, കൊല്ലം എസ്.എൻ കോളേജ് ഫോർ വിമൻ, പന്തളം എൻ.എസ്.എസ് കോളേജ്, പുനലൂർ എസ്.എൻ കോളേജ്, വർക്കല എസ്.എൻ കോളേജ്, ആറ്റിങ്ങൽ ഗവ. കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ കൊല്ലം എസ്.എൻ കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

ചേർത്തല എസ്.എൻ കോളേജ്, ആലപ്പുഴ സെന്റ് ജോസഫ്സ് കോളേജ് എന്നിവിടങ്ങൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തവർ ആലപ്പുഴ എസ്.ഡി. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെത്തന്നെ പരീക്ഷയെഴുതണം.

*(അറിയിപ്പ്: എല്ലാ എഡിഷനുകളിൽ പ്രസിദ്ധീകരിക്കുന്നതിന്)*

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
08.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**